കണ്ണൂർ സർവ്വകലാശാല

( എസ് ഡി ഇ III)

എസ് ഡി ഇ /എസ് ഡി ഇ III - 4/1882/2021 Kannur,തീയതി: 28.04.2021

**അറിയിപ്പ്**

വിഷയം :- വിദൂര വിദ്യാഭാസ വിഭാഗം - രണ്ടാം വർഷ അഫ്സൽ - ഉൽ ഉലമ (പ്രീലിമിനറി ) പരീക്ഷ ഏപ്രിൽ 2021 - പരീക്ഷാ തീയതി ക്രമവും ഫീസ് വിവരങ്ങളും അറിയിക്കുന്നത് സംബന്ധിച്ച്.

സൂചന :- സർവകലാശാല വിജ്ഞാപനം ( NO .EX/ EG .I II / 12158 /2021 dated 20.04.2021

സൂചന പ്രകാരം കണ്ണൂർ സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലെ രണ്ടാം വർഷ അഫ്സൽ - ഉൽ - ഉലമ ( പ്രീലിമിനറി ) പരീക്ഷ ഏപ്രിൽ 2021 ന് വേണ്ടിയുള്ള ഓൺലൈൻ രജിസ്ട്രേഷന്റെ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വിശദമായ വിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ (WWW.kannuruniversity.ac.in ) നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ് . പ്രസ്തുത വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള പരീക്ഷ രജിസ്ട്രേഷൻ തീയതിക്രമം , ഫീസ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**രജിസ്ട്രേഷൻ തീയതി ക്രമം**

| കോഴ്സ് വർഷം | ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുന്ന തീയതി | ഓൺലൈൻ രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി | | അപേക്ഷയുടെ പ്രിന്റൗട്ട് സർവ്വകലാശാലയിൽ എത്തിക്കേണ്ട അവസാന തീയതി | പരീക്ഷ ആരംഭിക്കുന്ന തീയതി |
|---|---|---|---|---|---|
| | | പിഴയില്ലാതെ | 170 / - രൂപ പിഴയോടു കൂടി | | |
| II Year | 03.05.2021 | 07.05.2021 | 11.05.2021 | 15.05.2021 | പിന്നീട് അറിയിക്കുന്നതായിരിക്കും |

**പരീക്ഷാ ഫീസ് ഘടന**

| കോഴ്സ് | അപേക്ഷ ഫീസ് | തിയറി (പേപ്പർ ഒന്നിന് 80 രൂപ ) | ഗ്രേഡ് കാർഡ് | സി. വി ക്യാമ്പ് ഫീസ് | സെന്റർ ഫീസ് | ആകെ തുക |
|---|---|---|---|---|---|---|
| II Year ( 2019 | 50 | 480 | 70 | 170 | 25 | 795 |

ഫീസ് ഒടുക്കിയതിനു ശേഷം ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുക. തുടർന്ന് അപേക്ഷയുടെ പ്രിൻറ് ഔട്ട് എടുത്ത് അതിൽ ഫോട്ടോ (നിർബന്ധമായും കഴിഞ്ഞ ആറുമാസത്തിനുള്ളിലെടുത്തതും മുഖം വ്യക്തമായതും ആയിരിക്കണം.) പതിപ്പിച്ച സ്വയം സാക്ഷ്യപ്പെടുത്തിയ ശേഷം മുകളിൽ സൂചിപ്പിച്ച ഫീസടച്ചിതിന്റെ ഒറിജിനൽ സഹിതം **15.05.2021** ന് മുൻപായി സർവകലാശാല വിദൂര വിദ്യാഭാസ വിഭാഗത്തിൽ എത്തിക്കേണ്ടതാണ്. **തപാൽ മാർഗമാണെങ്കിൽ The Director, School Of Distance Education, Kannur University, Thavakkara, Civil Station (P.O) Kannur - 2** എന്ന അഡ്രസ്സിൽ അയക്കുക.അപേക്ഷയുടെ കവറിന് പുറത്ത് ' Application for II nd Year Afsal - Ul -Ulama (Preliminary) SDE Examination, April 2021' എന്ന് നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിധത്തിൽ ഫീസ് അടക്കാവുന്നതാണ്.

1. ട്രഷറി ചലാൻ - ഹെഡ് ഓഫ് അക്കൗണ്ട് 8658-00-102-96(27)KUS
2. എസ് ബി ഐ കറണ്ട് അക്കൗണ്ട് പേ-ഇൻ-സ്ലിപ്പ്
3. എസ് ബി ഐ കളക്ട് **(സർവകലാശാല വെബ്സൈറ്റിൽ ലഭ്യമായ ' SBI Collect ' എന്ന പോർട്ടലിലൂടെ ഓൺലൈൻ മുഖേന )**

**ഇംപ്രൂവ്മെൻറ് / സപ്ലിമെൻററി പരീക്ഷാർത്ഥികളുടെ ശ്രദ്ധയ്ക്ക്**

**(2011 മുതൽ 2017 വരെ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾ**

**ഇംപ്രൂവ്മെൻറ് / സപ്ലിമെൻററി പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ പൊതുഫീസായ 315 /- രൂപയ്ക്ക് (മുന്നൂറ്റിപതിനഞ്ച് രൂപ ) പുറമെ പേപ്പറൊന്നിന് 115 /- രൂപ പ്രകാരം** ഫീസ് ചേർത്ത് അടക്കേണ്ടതാണ്. ഇവർ അപേക്ഷയുടെ പ്രിൻറൗട്ടും റസീപ്റ്റും സർവകലാശാലയിലെ എക്സാം തപാൽ സെക്ഷനിൽ എത്തിക്കേണ്ടതാണ് . തപാൽ മാർഗമാണെങ്കിൽ **The Controller of Examination, Kannur University, Thavakkara, Civil Station (P.O) Kannur - 2** എന്ന അഡ്രസ്സിൽ അയക്കുക അപേക്ഷയുടെ കവറിന് പുറത്ത് 'Application for II year Afsal Ul Ulama (Preliminary) SDE Examination April 2021' എന്ന് നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

മറ്റ് നിർദ്ദേശങ്ങൾ

1. പരീക്ഷാകേന്ദ്രത്തിൽ മാറ്റം വരുത്തുവാൻ അനുവദിക്കുന്നതല്ല
2. അപേക്ഷയുടെ ഒന്നാം പേജിൽ മുകളിൽ വലത് വശത്തും . ഫീ രസീതിയിലും എൻറോൾമെൻറ് നമ്പർ നിർബന്ധമായും എഴുതേണ്ടതാണ് .

ഒപ്പ്/-

അസിസ്റ്റൻറ് രജിസ്ട്രാർ

...കർത്താവ്:

വെബ് മാനേജർ (വെബ് സൈറ്റിൽ പ്രസിദ്ധതികരിക്കുന്നതിന് വേണ്ടി)

വിതരണാനുമതിയോടെ

സെക്ഷൻ ഓഫീസർ